**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 163** **01-02-2023 - ൽ മറുപടിയ്ക്ക്**

**മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടിയുള്ള റിട്ട. ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം ശിപാർശകൾ സർക്കാർ നടപ്പിലാക്കിയെന്നും വ്യക്തമാക്കാമോ; | (എ) | റിട്ട. ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും പ്രതിപാദിക്കുന്ന നടപടി പത്രിക അനുബന്ധമായി ചേർക്കുന്നു. കമ്മീഷൻ റിപ്പോർട്ടിലെ മൂന്നാം അധ്യായത്തിൽ പ്രതിപാദിച്ച സംവരേണതര വിഭാഗങ്ങളുടെ പട്ടിക ലഘുമാറ്റങ്ങളോടെ 03-06-2021-ലെ സ.ഉ(എം.എസ്)114/2021/പൊ.ഭ.വ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | റിട്ട. ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ശിപാർശകൾ നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | 2022 മാർച്ചിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിക്കേണ്ട തുടർനടപടികൾ എന്തെല്ലാമെന്നും നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിനുള്ള കാരണവും വ്യക്തമാക്കാമോ? | (സി) | ശിപാർശകൾ നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷൻ 2019 ഫെബ്രുവരി മാസം സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി പത്രിക**

| | | |
|---|---|---|
| 1 | സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി അവരെ സർക്കാർ സ്ഥാപനങ്ങളിലും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും ഉദ്യോഗലബ്ധിക്കായും അത്തരം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ ഉടമയിലുള്ളതോ സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിനായും കേന്ദ്ര സർക്കാർ 19.01.2019 ൽ പുറപ്പെടുവിച്ച FNo.36039/1/2019-Estt(Res) നമ്പർ വിജ്ഞാപനത്തിന്റെ മാതൃകയിൽ 10 ശതമാനം സംവരണം ഉറപ്പാക്കുക<br><br>മേൽപ്പറഞ്ഞ 10 ശതമാനം ഇപ്പോൾ നിലവിലുള്ള സംവരണ സംവിധാനത്തെ ബാധിക്കാത്ത തരത്തിലായിരിക്കണം. അപ്രകാരം പിന്നാക്കാവസ്ഥയിലുള്ള വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള 26.09.2009-ലെ ജി.ഒ(പി)നം.81/2009/എസ്.സി.എസ്.റ്റി.ഡി.ഡി ഉത്തരവിലും 09.04.2018-ലെ പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ ജി.ഒ(എം.എസ്) നം.3/2018/പിവിവിവ ഉത്തരവിലും പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാവുന്നതാണ്.<br><br>നിലവിൽ സംവരണാനുകൂല്യം ലഭിക്കാത്ത സമുദായങ്ങളിൽപ്പെട്ട (Non Reserved Category) ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും അർഹമായിട്ടുള്ള 50%-ൽപ്പെട്ട സംവരണേതര ഒഴിവുകളിൽ ഓരോ അഞ്ചെണ്ണത്തിലേയ്ക്കും അവസാനത്തെ ഒഴിവ് (അതായത് 5,10,15,20.......എന്നിങ്ങനെ) സംവരണേതര വിഭാഗത്തിലെ തന്നെ സാമ്പത്തികായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികളെ/ വിദ്യാർത്ഥികളെക്കൊണ്ട് മുൻഗണനാ ക്രമത്തിൽ നികത്തി 10% സാമ്പത്തിക സംവരണം പ്രായോഗികമാക്കാവുന്നതാണ്. അപ്രകാരം ചെയ്യുന്ന പക്ഷം നിലവിൽ സംവരണാനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങളെ അത് ഒരുതരത്തിലും ബാധിക്കുന്നതല്ല. | സംസ്ഥാനത്ത് സാമ്പത്തിക സംവരണം ഏർപ്പെടുത്തിയന്റെ ഭാഗായി (റിട്ട) ജില്ലാ ജഡ്ജി ശശീധരൻ നായർ അദ്ധ്യക്ഷനായ കമ്മീഷൻ രൂപീകരിക്കുകയും കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിലെ ശുപാർശകൾ അംഗീകരിച്ച് കൊണ്ട് 03.01.2020-ലെ സ.ഉ(അച്ചടി)1/2020/ഉഭപവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കമ്മീഷന്റെ ശുപാർശ പ്രകാരം നാല് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരെയാണ് സാമ്പത്തിക സംവരണത്തിനായി പരിഗണിക്കുക. ടി റിപ്പോർട്ട് പ്രകാരം KS&SSR-ൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ സ്വീകരിച്ച് വരുകയാണ്. |
| 2 | സംവരണാനുകൂല്യങ്ങൾക്കു പുറമേ താഴെപ്പറയുന്ന ക്ഷേമ പദ്ധതികൾ കൂടി നിലവിൽ സംവരണേതര സമുദായത്തിൽപ്പെട്ടവർക്കായി വിഭാവനം ചെയ്ത് ഘട്ടം ഘട്ടമായെങ്കിലും പ്രത്യേക പരിഗണന നൽകി നടപ്പാക്കണമെന്നുള്ള നിർദ്ദേശവും സമർപ്പിക്കുന്നു. | മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള എല്ലാ പദ്ധതികളും കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കി |

| | | |
|---|---|---|
| | **എ)** പ്രകൃതി ദുരന്തത്തിൽ അകപ്പെട്ട് പ്രദേശങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ അത്രയധികം കടന്നുചെല്ലാത്ത് മലയോര മേഖലകളും തീരപ്രദേശങ്ങളും പോലുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്നവർക്കായി ഒരു പ്രത്യേക സാമ്പത്തിക പാക്കേജ് (Special Economic Package) പ്രഖ്യാപിക്കുക.<br><br>**ബി)** ജീവസന്ധാരണത്തിനായി ചെറുകിട കച്ചവടം, വ്യവസായം, കൃഷി മുതലായവയിൽ ഏർപ്പെടുന്നവർക്കായി മിതമായ പലിശനിരക്കിൽ വായ്പ സംവിധാനം (soft loan facility ) ഏർപ്പെടുത്തുക.<br><br>**സി)** യുവ ഡോക്ടർമാർ, എഞ്ചിനിയർമാർ, വക്കീലന്മാർ, സ്വയം തൊഴിൽ കണ്ടെത്തുന്നവർ എന്നിവർക്കായി സാമ്പത്തിക സഹായം നൽകുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക.<br><br>**ഡി)** വിദ്യാഭ്യാസത്തിനായി അമിത വ്യവസ്ഥകളില്ലാത്ത പലിശരഹിത വായ്പകൾ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് തുടക്കമിടുക.<br><br>**ഇ)** കുട്ടികളിലുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി ഊന്നൽ നൽകുക.<br><br>**എഫ്)** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുബങ്ങളുടെ (families Below Poverty Line) ആരോഗ്യപരിരക്ഷയ്ക്കായി ഒരു പ്രത്യേക ആരോഗ്യ പരിരക്ഷാ പദ്ധതി (Special Health Insurance Package) രൂപീകരിക്കുക<br><br>**ജി)** തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുകയും വിദ്യാഭ്യാസ കാലഘട്ടത്തിൽ സ്റ്റൈപ്പന്റ് നൽകുന്നതിനവുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യുക.<br><br>**എച്ച്)** എല്ലാതരത്തിലും സൗജന്യ വിദ്യാഭ്യാസം അനുവദിക്കുക.<br><br>**ഐ)** സമർത്ഥന്മാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പരിശ രഹിത വായ്പ എന്നിവ നൽകുക.<br><br><br>**ജെ)** വിദ്യാർത്ഥികൾ മത്സരപരീക്ഷകളിൽ വിജയിക്കുന്നതിനാവശ്യമായ സൗജന്യ പരിശീലന | വരുന്നത്. കോർപ്പറേഷൻ മുഖേന മെറിറ്റ് സ്കോളർഷിപ്പ് പദ്ധതി, കോച്ചിംഗ് അസിസ്റ്റൻസ് പദ്ധതി, സ്വയം തൊഴിൽ ധനസഹായം, സംരംഭകത്വ നൈപുണ്യ വികസന പദ്ധതി, അഗ്രഹാരങ്ങളുടേയും വീടുകളുടേയും പുനരുദ്ധാരണ നവീകരണ പദ്ധതി, മംഗല്യ സമുന്നതി എന്നിവ സർക്കാരിന്റെ ഗ്രാന്റോടുകൂടി നടപ്പിലാക്കി വരുന്നു. വരും വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതം വർദ്ധിക്കുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

| | | |
|---|---|---|
| | കേന്ദ്രങ്ങൾ സ്ഥാപിക്കുക<br><br>**കെ)** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയ്ക്കുന്നതിനുള്ള സഹായത്തിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുക. | മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായ പദ്ധതിയായ "മംഗല്യ സമുന്നതി" കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. |
| | **എൽ)** നിലവിൽ സംവരണ സമുദായങ്ങൾക്ക് നൽകി വരുന്ന എല്ലാ സാമൂഹ്യ പരിരക്ഷയും സംവരണേതര സമൂദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെടുന്നവർക്കു കൂടി ലഭ്യമാകുന്ന രീതിയിൽ നിയമ നിർമ്മാണം നടത്തുകയോ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുക. | |
| | **എം)** സംസ്ഥാനത്തെ ജനസംഖ്യ സമൂഹത്തിൽ നിലവിലുള്ള സമുദായങ്ങൾ അവരുടെ സമ്പത്തിക സ്ഥിതി, സാമൂഹ്യസ്ഥിതി ഇവയെക്കുറിച്ച് വ്യക്തമായ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നതിന് സമൂഹിക, സാമ്പത്തിക, സാമുദായിക സർവ്വേ നടത്തുക, അതോടൊപ്പം തന്നെ എല്ലാ സമുദായങ്ങളുടേയും ജനസംഖ്യാ വിവരണ കണക്കെടുപ്പും നടത്തുക. ഇവ രണ്ടും സമയബന്ധിതമായി പൂർത്തീകരിക്കുക (ദശവത്സര കാനേഷുമാരിയിൽ മേൽ വിവരിച്ച രീതിയിലുള്ള വിവരശേഖരണമില്ലാത്തതിനാലാണ് പ്രസ്തുത ശുപാർശ അനിവാര്യമാണെന്ന് കമ്മീഷന് ബോധ്യമായിട്ടുള്ളത്). | |
| | **എൻ)** സംവരണേതര വിഭാഗത്തിന്റെ ക്ഷേമത്തിനായി സർക്കാർ തലത്തിൽ ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുക.<br><br>**ഒ)** സവരണേതര വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും ഉദ്യോഗലബ്ദിക്കായുള്ള പ്രായപരിധി 41 ആയി ഉയർത്തുക . | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. ഭാവിയിൽ ജോലിഭാരം വർദ്ധിക്കുകയാണെങ്കിൽ ആയതിനനുസരിച്ച് പുതിയ വകുപ്പ് രൂപീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |